**ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് കേരളാ ഹൗസിൽ വിരുന്നുസൽക്കാരം**

100 (5529) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് സർക്കാർ ചെലവിൽ കേരളാ ഹൗസിൽ വിരുന്നുസൽക്കാരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) എങ്കിൽ പരാതിയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡൽഹി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് സർക്കാർ ചെലവിൽ കേരളാ ഹൗസിൽ വിരുന്നുസൽക്കാരം നൽകിയിട്ടില്ല.

(ബി&സി) ഈ വിഷയത്തിൽ ശ്രീ. രഞ്ജിത്കുമാർ പി.എസ്.-ൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരുന്നു.

**ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയും ബന്ധുക്കളും നടത്തിയ നിരാഹാര സത്യാഗ്രഹം**

101 (5530) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയും ബന്ധുക്കളും നടത്തിയ നിരാഹാര സത്യാഗ്രഹം അവസാനിപ്പിക്കാനായി സർക്കാരോ സർക്കാർ പ്രതിനിധികളോ മഹിജയുമായോ ബന്ധുക്കളുമായോ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; ഇതുപ്രകാരം എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു;

(സി) പ്രസ്തുത കരാറിന്റെ പകർപ്പ് മഹിജക്കോ, ബന്ധുക്കൾക്കോ കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ഡി) പ്രസ്തുത കരാറിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly